**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6846** **21-03-2023 - ൽ മറുപടിയ്ക്ക്**

**പാവറട്ടി വില്ലേജ് സ്മാർട്ട് ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-20 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ പാവറട്ടി വില്ലേജ് സ്മാർട്ടാക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കുമോ; | (എ) | പ്ലാൻ സ്കീം 2019-2020 പ്രകാരം പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 44 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതി സ്ഥലം സംബന്ധിച്ച് അന്തിമതീരുമാനം ആകാത്തതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (ബി) | പാവറട്ടി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഔദ്യോഗികമായ അനുമതി ലഭിച്ചാലുടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ